# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ഏപ്രിൽ 24

## വാർത്താക്കുറിപ്പ്

**പരീക്ഷ തീയതി**

രണ്ടാം സെമസ്റ്റർ സി.ബി.സി.എസ്. ബിരുദ പരീക്ഷകൾ(പുതിയ സ്കീം റഗുലർ-2018 അഡ്മിഷൻ, 2017 അഡ്മിഷൻ ഇംപ്രൂവ് മെന്റ്/റീഅപ്പിയറൻസ്) പരീക്ഷകൾ മേയ് 15 ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/746/2019)

രണ്ടാം സെമസ്റ്റർ സി .ബി.സി.എസ്.എസ്. യു.ജി.(2013 മുതൽ 2016 വരെയുള്ള അഡ്മിഷൻ റീഅപ്പിയറൻസ്), രണ്ടാം സെമസ്റ്റർ ബി .എസ് സി. സൈബർ ഫോറൻസിക് (2018 അഡ്മിഷൻ റഗുലർ , 2013-2017 അഡ്മിഷൻ റീഅപ്പിയറൻസ്) പരീക്ഷകൾ മേയ് 15ന് ആരംഭിക്കും.

(പി.ആർ.ഒ./39/747/2019)

**ഉത്തരക്കടലാസ് മൂല്യനിർണയ ക്യാമ്പ്;**

**അധ്യാപകർ ഹാജരാകണം**

മഹാത്മാഗാന്ധി സർവകലാശാലയുടെ കേന്ദ്രീകൃത ഉത്തരക്കടലാസ് മൂല്യനിർണയ ക്യാമ്പുകൾ ഇന്ന്(ഏപ്രിൽ 25) പുനരാരംഭിക്കും. ഒമ്പതു കേന്ദ്രങ്ങളിലായാണ് മൂല്യനിർണയം . അതത് ക്യാമ്പുകളിൽ നിയോഗിക്കപ്പെട്ട അധ്യാപകർ ഇന്ന് ഹാജരാകണമെന്ന് പരീക്ഷ കൺട്രോളർ അറിയിച്ചു.

(പി.ആർ.ഒ./39/748/2019)

**സർവകലാശാല അസിസ്റ്റന്റ്**

**പരീക്ഷ പരിശീലനം: സീറ്റൊഴിവ്**

പി.എസ്.സി. നടത്തുന്ന സർവകലാശാല അസിസ്റ്റന്റ് പരീക്ഷയ്ക്കുള്ള പരിശീലനം മഹാത്മാഗാന്ധി സർവകലാശാല എംപ്ലോയ് മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോയിൽ ആരംഭിക്കുന്നു. ഏതാനം സീറ്റൊഴിവുണ്ട്. വിശദവിവരത്തിന് ഫോൺ: 0481 2731025, 7559940413.

(പി.ആർ.ഒ./39/749/2019)

### 'സ്പാർകി'ലൂടെ വീണ്ടും എം.ജി.ക്ക്

### 58.88 ലക്ഷത്തിന്റെ ഗവേഷണസഹായം

അക്കാദമിക-ഗവേഷണ സഹകരണ പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയം നടപ്പാക്കുന്ന 'സ്പാർക്' (സ്കീം ഫോർ പ്രൊമോഷൻ ഓഫ് അക്കാദമിക് ആന്റ് റിസർച്ച് കൊളാബൊറേഷൻ) പദ്ധതിയിലൂടെ മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് ഗവേഷണ പദ്ധതികൾക്കായി 58.88 ലക്ഷം രൂപയുടെ കൂടി സഹായം ലഭിച്ചതായി വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് പറഞ്ഞു.

എം.ജി. സർവകലാശാലയിലെ ഡോ . നന്ദകുമാർ കളരിക്കൽ സിംഗപ്പൂർ നാൻയാങ് സാങ്കേതിക സർവകലാശാലയിലെ ഡോ . മുരുകേശൻ വടക്കേമറ്റവുമായി സഹകരിച്ച് നടത്തുന്ന ഗവേഷണ പദ്ധതിയാണ് സ്പാർക് അംഗീകരിച്ചത്.

ഡയഗ്നോസ്റ്റിക് ബയോമെഡിക്കൽ ഇമേജിങ്ങിനുള്ള നാനോസ് കെയിൽ കോൺട്രാസ്റ്റ് ഏജന്റ്സിനെക്കുറിച്ചുള്ള ഗവേഷണ പദ്ധതിക്കാണ് അംഗീകാരം . സർവകലാശാല സമർപ്പിച്ച 33 പദ്ധതികളിൽ നിന്നും ആറ് പദ്ധ തികൾ മുമ്പ് മന്ത്രാലയം അംഗീകരിക്കുകയും 3.78 കോടി രൂപയുടെ സഹായം ലഭിക്കുകയും ചെയ്തിരുന്നു . കേരളത്തിലെ സർവകലാശാലകളിൽ എം .ജി.ക്ക് മാത്രമാണ് സ്പാർക് പദ്ധതികൾ ലഭിച്ചത്.

(പി.ആർ.ഒ./39/750/2019)

## 'നാനോ ഇന്ത്യ 2019' ദേശീയ കോൺഫറൻസ്

## ഏപ്രിൽ 26 മുതൽ എം.ജി. സർവകലാശാലയിൽ

നാനോസയൻസ്, നാനോടെക്നോളജി മേഖലയിലെ പ്രഗത്ഭർ പങ്കെടുക്കുന്ന 'നാനോ ഇന്ത്യ 2019' ദേശീയ കോൺഫറൻസ് ഏപ്രിൽ 26, 27 തീയതികളിൽ മഹാത്മാഗാന്ധി സർവകലാശാലയിൽ നടക്കും . മഹാത്മാഗാന്ധി സർവകലാശാലയും കേന്ദ്ര ശാസ്ത്ര -സാങ്കേതിക വകുപ്പും സംയുക്തമായാണ് രണ്ടുവർഷത്തിലൊരിക്കൽ നാനോ ഇന്ത്യ കോൺഫറൻസ് സംഘടിപ്പിക്കുന്നത്.

ഊർജ്ജം, ആരോഗ്യപരിചരണം, കൃഷി തുടങ്ങി വിവിധ മേഖലകളിൽ രാജ്യത്ത് നടക്കുന്ന നാനോടെക്നോളജി ഗവേഷണ ഫലങ്ങൾ ചർച്ച ചെയ്യും . ഏപ്രിൽ 26ന് രാവിലെ ഒമ്പതിന് സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് ഓഡിറ്റോറിയത്തിൽ പ്രശസ്ത ശാസ്ത്രജ്ഞൻ പ്രൊഫ . സി.എൻ.ആർ. റാവു കോൺഫറൻസ് ഉദ്ഘാടനം ചെയ്യും. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് അധ്യക്ഷത വഹിക്കും.

പ്രൊഫ. അജയ് കെ . സൂദ്, ഐ.ഐ.യു.സി.എൻ.എൻ. ഡയറക്ടർ ഡോ . നന്ദകുമാർ കള രിക്കൽ, കേന്ദ്ര ശാസ്ത്ര -സാങ്കേതിക വകുപ്പിന്റെ ദേശീയ ഗവേഷണ പുരസ്കാര ജേതാവ് പ്രൊഫ . ഒ.എൻ. ശ്രീവാസ്തവ, യുവ ഗവേഷണ അവാർഡ് ജേതാക്കളായ ഡോ . മുരളി ബനാവത്, ഡോ. ദീപാങ്കൾ മണ്ഡൽ എന്നിവർ പങ്കെടുക്കും. കോൺഫറൻസിൽ പ്രൊഫ. ഒ.എൻ. ശ്രീവാസ്തവ, പ്രൊഫ. ഡി.ഡി. ശർമ, പ്രൊഫ. പുഷൻ അയൂബ് , പ്രൊഫ. ജോർജ് കെ . തോമസ്, പ്രൊഫ. സാബു തോമസ് എന്നിവർ വിവിധ വിഷയങ്ങളിൽ മുഖ്യപ്രഭാഷണം നടത്തും . രാജ്യത്തെ വിവിധ സ്ഥാപനങ്ങളിൽനിന്നുള്ള 34 പേർ വിവിധ വിഷയങ്ങളിൽ പ്രഭാഷണം നടത്തും.

(പി.ആർ.ഒ./39/751/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ